പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4294 19.10.2011-ൽ മറുപടിയ്ക്ക്

ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിൽ ഗ്രാമവികസന വകുപ്പ് ഉദ്യോഗസ്ഥർ, വികസന പദ്ധതികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവർക്ക് വിവിധ വിഷയങ്ങളിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവണ്മെന്റിൽ നിന്നും ലഭിച്ച ഫണ്ടുപയോഗിച്ച് ലൈബ്രറി ഹാൾ, അക്കാദമിക് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, മെസ്സ് ഹാൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അക്കാദമിക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പഠനസാമഗ്രികൾ വാങ്ങുന്നതിനായി കേന്ദ്രഗവണ്മെന്റിൽ നിന്നും പ്രത്യേക ഫണ്ട് ലഭ്യമായിട്ടുണ്ട്. ആയത് വാങ്ങുന്നതിന് വേണ്ട പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലന കലണ്ടർ പ്രകാരമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ പുരോഗതി ഈ സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഭരണ സമിതിയും വിലയിരുത്തുന്നുണ്ട്. അക്കാദമിക് പ്രവർത്തനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്ഥാപനത്തിലെ |

ഫാക്കൽറ്റി അംഗങ്ങളെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിൽ നടക്കുന്ന വിവിധ പരിശീലനങ്ങൾക്ക് അയയ്ക്കാറുണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:-

1. ഗ്രാമവികസന പരിപാടികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും അനുദ്യോഗസ്ഥർക്കും ജന പ്രതിനിധികൾക്കും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച് പരിശീലനം നൽകുക.
2. ഗ്രാമവികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, പ്രാദേശിക ആസൂത്രണം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരിശീലനം നൽകുകയും ഗവേഷണങ്ങൾ, പഠനങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകുകയും ചെയ്യുക.
3. ഗ്രാമീണ ജനതയുടെ സാമൂഹികവും അടിസ്ഥാനപരവുമായ പ്രശ്നങ്ങൾ കണ്ടെത്തി വിലയിരുത്തുകയും പരിഹാര ബോധനതന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക.
4. വിവിധ പദ്ധതികൾ സംബന്ധിച്ച് പരിശീലനം ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ തലത്തിൽ ഉണ്ടാകേണ്ട പ്രവർത്തനക്ഷമത വിലയിരുത്തുക.
5. വിവിധ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സോഷ്യൽ ആഡിറ്റ് തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുക
6. എക്സ്റ്റൻഷൻ സെന്ററുകളിൽ നൽകേണ്ട

പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ സംഘടിപ്പിക്കുക.

| | | | |
|---|---|---|---|
| (സി) | ആർക്കെല്ലാമാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് പരിശീലനം നൽകിവരുന്നത്? | (സി) | ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നൽകുന്നത് താഴെപ്പറയുന്ന വിഭാഗങ്ങൾക്കാണ് :-<br>1. ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് തലം മുതൽ മുകളിലോട്ടുള്ള തലങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ<br>2. ഗ്രാമവികസന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർ<br>3. ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ<br>4. സന്നദ്ധ സംഘടനാ പ്രവർത്തകർ<br>5. ദേശീയ ഗ്രാമീണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫ് കാമ്പസ് പരിശീലനങ്ങൾക്കായി നിയോഗിക്കുന്ന മറ്റു സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർ. |

സെക്ഷൻ ഓഫീസർ